നീരയെ എക്സൈസ് വകുപ്പിന്റെ വരുതിയിൽ നിർത്താനുള്ള ശ്രമം റൂൾസിൽ കാണാം. നീര ടെക്നീഷന്മാർ ചെത്തുതൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുക്കണമെന്നും നിർദേശം



# അന്തിമ അനുമതി ഇനി നീര വിൽക്കാം

**മഹേഷ് ഗുപ്തൻ**

**കേരളത്തിലെ** നാളികേര കർഷകർ കാത്തുകാത്തിരുന്ന നീര പദ്ധതിക്ക് അന്തിമ അംഗീകാരമായി. സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പ് തയാറാക്കിയ കേരള സ്വീറ്റ് ടോഡി (നീര) റൂൾസ് 2014 പുറത്തിറങ്ങി. ഉത്തരവു പ്രകാരം നീര ചെത്താൻ അനുമതിയുള്ള 20 സംഘങ്ങൾക്ക് ലൈസൻസിന് അപേക്ഷിക്കാം. അതേസമയം, നീര ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ മാർഗനിർദേശങ്ങൾ സർക്കാർ പുറത്തിറക്കേണ്ടതുണ്ട്.

നീര ചെത്താൻ അംഗീകാരം നൽകുന്ന മന്ത്രിസഭാ ഉത്തരവുണ്ടായി അഞ്ചുമാസത്തിനുശേഷമാണ് എക്സൈസ് വകുപ്പ് റൂൾസ് പുറത്തിറക്കിയത്. അതുതന്നെ കർഷകസംഘങ്ങളുടെ നിരന്തരമായ സമ്മർദങ്ങൾക്കു വഴങ്ങിയും. ഇതിനകം തന്നെ വിദേശരാജ്യങ്ങളിൽ നിന്നുള്ള നീര കേരള വിപണിയിൽ എത്തിക്കഴിഞ്ഞു. നിക്ഷിപ്ത താൽപര്യക്കാരുടെ സമ്മർദങ്ങൾക്കു വഴങ്ങി അധികൃതർ നീര പദ്ധതി അട്ടിമറിക്കാൻ ശ്രമം നടത്തുകയാണോ എന്നു വരെ സംശയങ്ങളുയർന്നത് ഈ സാഹചര്യത്തിലാണ്.

ഒരു ലൈസൻസിക്ക് പരമാവധി 20 തെങ്ങിൽനിന്നു മാത്രമേ നീര ചെത്താവൂ എന്ന് റൂൾസിൽ പറയുന്നു. ഇത് പദ്ധതിയെ അട്ടിമറിക്കാനാണെന്ന വാർത്ത പുറത്തുവന്നതോടെ ലൈസൻസി എന്നതുകൊണ്ട് ചെത്തുകാരനെയാണ് ഉദ്ദേശിക്കുന്നതെന്ന് മന്ത്രി കെ. ബാബു തന്നെ വിശദീകരണക്കുറിപ്പ് ഇറക്കി. യുക്തമായ സാഹചര്യങ്ങളിൽ ഈ നിബന്ധനയിൽ ഇളവുവരുത്താൻ എക്സൈസ് ഉദ്യോഗസ്ഥർക്ക് കഴിയുമെന്നും വിശദീകരണത്തിൽ പറയുന്നു.

നീര ഉൽപാദിപ്പിക്കുന്നതിനും അതിന്റെ ഉൽപന്നങ്ങൾ നിർമിക്കുന്നതിനും ലൈസൻസ് നൽകാനുള്ള അധികാരം അതത് എക്സൈസ് ഡിവിഷനുകളിലെ ഡപ്യൂട്ടി കമ്മിഷണർമാർക്കായിരിക്കും. വാർഷിക ലൈസൻസ് ഫീസ് 100 രൂപയാണ്. ഏപ്രിൽ ഒന്നു മുതൽ മാർച്ച് 31 വരെ കാലയളവിൽ ഓരോ വർഷത്തേക്കാണു ലൈസൻസ് നൽകുക. എങ്കിലും ഇപ്പോൾ തന്നെ അപേക്ഷ നൽകാം. കേരള സ്റ്റേറ്റ് ബവ്റിജസ് കോർപറേഷൻ, നാളികേര വികസനബോർഡിൽ റജിസ്റ്റർ ചെയ്ത സൊസൈറ്റികൾ, ജാഗരി മാനുഫാക്ചറേഴ്സ്, നാളികേര വികസന കോർപറേഷൻ തുടങ്ങിയവർക്ക് നീര ഉൽപാദനത്തിനും വിതരണത്തിനും അനുമതി നൽകും.

നിലവിൽ ഇല്ലാത്ത ജാഗരി നിർമാതാക്കൾക്കും നാളികേര വികസന കോർപറേഷനും നീര ചെത്താൻ അനുമതി നൽകിയതു വിമർശിക്കപ്പെട്ടതിനെ തുടർന്ന്



പഴയ നീര ചട്ടങ്ങളിൽ ജാഗരി നിർമാതാക്കളെയും പരാമർശിച്ചിട്ടുണ്ടെന്ന് എക്സൈസ് വൃത്തങ്ങൾ ചൂണ്ടിക്കാട്ടുന്നു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കോർപറേഷന് അനുമതി നൽകിയതെന്നു മന്ത്രിയും വ്യക്തമാക്കി. എന്നാൽ ഈ സ്ഥാപനം പിരിച്ചുവിട്ടിട്ട് 25 കൊല്ലമായി. ഇതിന്റെ ആസ്തിയും ബാധ്യതകളും കേരഫെഡിൽ ലയിപ്പിക്കുകയായിരുന്നു.

കേരളത്തിലെ നാളികേര കർഷകരുടെ ദുരിതങ്ങൾക്കു പരിഹാരം കാണുകയെന്ന ലക്ഷ്യത്തോടെ നാളികേര വികസന ബോർഡ് ഉൾപ്പെടെയുള്ളവരുടെ നേതൃത്വത്തിലാണു നീര ഗവേഷണം നടന്നത്. നൂറുശതമാനവും ലഹരിവിമുക്ത പാനീയമാണിത്. എക്സൈസ് ചട്ടങ്ങളിൽ മാറ്റം വരുത്തി കേരള സ്വീറ്റ് ടോഡി (നീര) റൂൾസ് 2014 എന്ന പേരിലാണു പുതിയ ചട്ടം കൊണ്ടുവന്നത്. തെങ്ങ് ചെത്തി നീര ഉൽപാദിപ്പിക്കുന്നതിൽ എക്സൈസിന്റെ കടുത്ത നിയന്ത്രണമുണ്ടാകും. എക്സൈസ് ഇൻസ്പെക്ടറുടെ തസ്തികയിൽ താഴെയല്ലാത്ത ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയ തെങ്ങിൽനിന്നു മാത്രമേ നീര ഉൽപാദിപ്പിക്കാനാകുകയുള്ളൂ.

ഓരോ ജില്ലയിലും എത്ര പേർക്കു ലൈസൻസ് നൽകണമെന്നത് എക്സൈസ് കമ്മിഷണറുടെ വിവേചനാധികാരത്തിൽപ്പെട്ടതാണ്. നിലവിലുള്ള കള്ളുഷാപ്പുകാർക്കോ അവരുടെ തൊഴിലാളികൾക്കോ




നീര ചെത്താൻ ലൈസൻസ് നൽകില്ല. ക്രിമിനൽ കേസിൽ ഉൾപ്പെട്ട് മൂന്നു വർഷത്തിലധികം തടവുശിക്ഷ അനുഭവിച്ചവർക്കും നീര ചെത്താൻ ലൈസൻസ് നൽകില്ല.

ചെത്തുതൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ ചെത്തുകാർക്കാണ് നീര ചെത്താനുള്ള അവകാശം. ഇവർ ഇല്ലെങ്കിൽ മാത്രമേ നീര ടെക്നീഷൻമാരെ പരിഗണിക്കാനാകുകയുള്ളൂ. ഇതിനായി നീര ടെക്നീഷൻമാർ ചെത്തുതൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുക്കണം. ഈ നിർദേശം കർഷകസൗഹൃദപരമല്ലെന്ന് ആക്ഷേപമുണ്ട്. പല ജില്ലകളിലും ചെത്തുതൊഴിലാളികൾ നീരയ്ക്ക് എതിരാണ്. ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നത് അത്ര എളുപ്പവുമല്ല. ചെത്തുകാർ സ്വന്തം നിലയ്ക്കു നീര വിൽക്കുന്നതോ കള്ളുഷാപ്പിൽ കൊണ്ടുപോകുന്നതോ തടഞ്ഞിട്ടുണ്ട്.

ചെത്തിയെടുക്കുന്ന നീരയിൽ ആൽക്കഹോളിന്റെ അംശമില്ലെന്നു കണ്ടെത്തുന്നതിനായി രാസപരിശോധന നടത്താനുള്ള അധികാരം എക്സൈസ് ഇൻസ്പെക്ടർക്കുണ്ടാകും. ഗവേഷണ ആവശ്യങ്ങൾക്കായി നീര ചെത്താനുള്ള അനുമതി നൽകുന്നത് എക്സൈസ് കമ്മിഷണറാണ്. നിയമലംഘനം നടത്തുന്നവർക്ക് 5000 രൂപയാണു പിഴ. പുതിയ ചട്ടത്തിൽ സ്വീറ്റ് ടോഡി (മധുരക്കള്ള്) എന്നാണ് നീരയെ വിശേഷിപ്പിച്ചത്.

എക്സൈസ് വകുപ്പിനു കീഴിൽതന്നെ നീരയെ കൊണ്ടുവരാനുള്ള ശ്രമങ്ങളാണ് റൂൾസിൽ ഉടനീളം. അതേസമയം നീരയെ കാർഷിക ഉൽപന്നമായി കാണണമെന്നാണ് നാളികേര വികസന ബോർഡ് ഉൾപ്പെടെ ആവശ്യപ്പെടുന്നത്. മദ്യമില്ലാത്ത ഉൽപന്നമായതിനാൽ നീരയുടെ വിപണനം സംബന്ധിച്ചു പുതിയ ചട്ടത്തിൽ പരാമർശങ്ങളില്ല. എന്നാൽ തെങ്ങുചെത്തിൽ കർശന നിയന്ത്രണമില്ലെങ്കിൽ ഇതു ദുരുപയോഗം ചെയ്യപ്പെടുമെന്നാണ് എക്സൈസ് വകുപ്പിന്റെ വാദം.

വിവാദങ്ങളും വിമർശനങ്ങളും അവിടെ നിൽക്കട്ടെ, കേരളത്തിലെ 40 ലക്ഷത്തോളം കേരകർഷകരെ സഹായിക്കുന്ന വിപ്ലവകരമായ പദ്ധതിയാണ് നീര. അതിന് ഇനി തടസങ്ങളൊന്നുമില്ല.